# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 29/08/2021

## വധശ്രമകേസിലെ പ്രതികൾ അറസ്റ്റിൽ.

കൊല്ലം : കിളികൊല്ലൂർ നക്ഷത്ര നഗർ ബംഗ്ലാവിൽ പടിഞ്ഞേറ്റതിൽ മണികണ്ഠൻ എന്നയാളെ വെട്ടിപ്പരിക്കേൽപ്പിച്ചതിലേക്ക് രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളായ ജഹാസ്, രാജീവ്, മുഹമ്മദ് റാഫി, സജിൻ എന്നിവരാണ് അറസ്റ്റിലായത്.










കിളികൊല്ലൂർ പറങ്കിമാംവിള ഷഫീക്ക് എന്നയാളെ ദേഹോപദ്രവം ഏൽപ്പിച്ചതിലേക്ക് കേസ് കൊടുത്തതിലുള്ള വിരോധത്തിൽ വീണ്ടും ആയാളെ ദേഹോപദ്രവമേൽപ്പിക്കാൻ എത്തിയ പ്രതികളെ നാട്ടുകാരനായ മണികണ്ഠനും മറ്റും തടസ്സപ്പെടുത്തി പിൻതിരിപ്പിച്ചതിലുള്ള വിരോധംനിമിത്തം മണികണ്ഠനും സുഹൃത്ത് കുഞ്ഞുമോനും കൂടി മണികണ്ഠന്റെ സഹോദരിയുടെ വീട്ടിലേക്ക് റെയിൽവേ ലൈനിലൂടെ നടന്ന് പോകവേ പ്രതികൾ ചാടിവീണ് മണികണ്ഠന്റെ തലയ്ക്കും കാലിലും വെട്ടിപ്പരിക്കേൽപ്പിക്കുകയും നിലത്തിട്ട് ചവിട്ടിയും പത്തൽ കമ്പ്കൊണ്ടടിച്ചും മാരകമായി പരിക്കേൽപ്പിച്ചതിലേക്ക് രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളാണ് പിടിയിലായത്. ഇവർ കൊലപാതകം ഉൾപ്പെടെ നിരവധി കേസുകളിലെ പ്രതികളാണ്.

സംഭവത്തിനുശേഷം ഒളിവിൽ പോയ പ്രതികളായ കൊറ്റങ്കര, പേരൂർ അയ്യർ മുക്കിന് സമീപം തടത്തിൽ പടിഞ്ഞാറ്റതിൽ വീട്ടിൽ ജലാലുദ്ദീൻ മകൻ ജഹാസ് (30) കൊറ്റങ്കര പേരൂർ പുതുശ്ശേരിക്കുളത്തിന് സമീപം വയലിൽ പുത്തൻ വീട്ടിൽ രാജേന്ദ്രൻ മകൻ രാജീവ് @ പട്ടര് രാജീവ് (29), കിളികൊല്ലൂർ കല്ലുംതാഴം നക്ഷത്ര നഗർ 126 ൽ വയലിൽ പുത്തൻവീട്ടിൽ റംസിമൻസിൽ അബ്ദുൾറഹിം മകൻ മുഹമ്മദ് റാഫി (29), കിളികൊല്ലൂർ ചാമ്പക്കുളം സജോ ഭവനിൽ സജീവ് മകൻ സജിൻ (24) എന്നിവരെ കുറിച്ച് കൊല്ലം സിറ്റി പോലീസ് കമ്മീഷണർക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നിർദ്ദേശത്തെ തുടർന്ന് കിളികൊല്ലൂർ ഐഎസ്എച്ച്ഒ വിനോദ് കെ, എസ് ഐ മാരായ അനീ ഷ്, ശ്രീനാഥ്, ജി എസ് ഐ മാരായ താഹകോയ, അൻസർ ഖാൻ, ജയൻ കെ സഖറിയ, പ്രകാശ് ചന്ദ്രൻ സിപിഒ ഷാജി, ഷിഹാബുദ്ദീൻ എന്നിവരാണ് പ്രതികളെ പിടികൂടിയത്. അറസ്റ്റ് ചെയ്ത പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്.

## കോവിഡ് പ്രതിരോധം – രാത്രികാല കർഫ്യൂ ഇന്ന് മുതൽ കർശന നിരീക്ഷണമൊരുക്കി സിറ്റി പോലീസ്

കൊല്ലം : സംസ്ഥാനത്ത് കൊവിഡ് വ്യാപനം കൂടി വരുന്ന സാഹചര്യത്തിൽ സംസ്ഥാന വ്യാപകമായി ഏർപ്പെടുത്തിയ രാത്രികാല കർഫ്യൂ നിലവിൽ വന്നതിനാൽ ജില്ലയിലും കർശന നിരീക്ഷണമൊരുക്കി കൊല്ലം സിറ്റി പോലീസ്. കൊല്ലം ജില്ലയിൽ കൊവിഡ് രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം നിലവിലുണ്ട്. കൊവിഡ് പ്രതിരോധ നടപടികളുടെ ഭാഗമായി രാത്രികാലങ്ങളിൽ 10.00 മണി മുതൽ രാവിലെ 06.00 മണി വരെ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ജനങ്ങൾ കൂട്ടം കൂടുവാനോ മറ്റ് വ്യാപാര സ്ഥാപനങ്ങളിൽ ആൾക്കാർ അധികമായി കൂടുവാനോ പാടില്ല എന്നും രാത്രി കാലങ്ങളിൽ അനാവശ്യ വാഹന യാത്രകൾ നിയന്ത്രിക്കുവാനും ജില്ലയിലെ പോലീസ് സ്റ്റേഷൻ

പരിധികളിൽ കർശനമായ പരിശോധനയാണ് ഏർപ്പെടുത്തിയിരിക്കുന്നത്.കൂടാതെ സിറ്റി കൺട്രോൾ റൂം വാഹനങ്ങളും സ്റ്റേഷൻ വാഹനങ്ങളും കർശന വാഹന പരിശോധനകൾ വിവിധ ഭാഗങ്ങളിൽ നടത്തുമെന്നും കർഫ്യൂ ലംഘിക്കുന്നവർക്കെതിരെ പകർച്ച വ്യാധി പ്രതിരോധ നിയമപ്രകാരം നടപടികൾ സ്വീകരിക്കുമെന്നും കർഫ്യൂ നിയന്ത്രണങ്ങൾ നിരീക്ഷിക്കുന്നതിനായി കൊല്ലം, കരുനാഗപ്പള്ളി ,ചാത്തന്നൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണർമാരെ ചുമതലപ്പെടുത്തി രാത്രികാല കർഫ്യൂ നടപ്പിലാക്കുമെന്ന് സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി. എസ് അിറയിച്ചു.

കൊല്ലം : ക്വാറന്റെൻ ലംഘിച്ച് പൊതുസ്ഥലങ്ങളിലും പള്ളിയിലും മറ്റും കറങ്ങി നടന്ന അഞ്ചാലുമ്മൂട് സ്വദേശിയായ മധ്യവയസ്ക്കനെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു. അഞ്ചാലുമ്മൂട് കുരീപ്പുഴ അയ്യൻകോയിക്കൽ സ്വദേശിക്കെതിരെയാണ് അഞ്ചാലുമ്മൂട് പോലീസ് കേസെടുത്തത്. ക്വാറന്റൈനിൽ കഴിഞ്ഞിരുന്നടിയാൻ ആയത് ലംഘിച്ച് പള്ളിയിലും മാർക്കറ്റിലും കടകളിലും മറ്റും പോയതിനെത്തുടർന്നാണ് ടിയാനെതിരെ ക്വാറന്റൈൻ ലംഘനത്തിന് കേസെടുത്തത്. ഇയാൾ കോവിഡ് രോഗിയുമായി പ്രാഥമിക സമ്പർക്കം ഉണ്ടായതിനെ ക്വാറന്റെനിൽ കഴിയണമെന്ന അഞ്ചാലുമൂട് പോലീസ് നൽകിയ നിർദ്ദേശം ലംഘിച്ചാണ് ഇയാൾ പൊതുസ്ഥലങ്ങളിൽ കറങ്ങി നടന്നത്. കോവിഡ് പകർച്ചവ്യാധി കൂടിയ മേഖലകളിൽ പോലീസ് നിരീക്ഷണം ശക്തിപ്പെടുത്തുമെന്നും ക്വാറന്റെൻ ലംഘനത്തിനെതിരെ കർശന നടപടി തുടരുമെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐ.പി.എസ്സ് അറിയിച്ചു.